SJD/1673/2023-C3

134255/2023

<u>പത്രക്കുറിപ്പ്</u>

<u>ഷോർട്ട് ഫിലിം മത്സരം</u>

ട്രാൻസ്ജെൻഡർ ബോധവത്ക്കരണപരിപാടിയോടനുബന്ധിച്ച് സാമൂഹ്യ നീതി വകുപ്പ് കോളേജ് വിദ്യാർത്ഥികൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലായുള്ളവർക്കായി ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾ സമൂഹത്തിൽ നേരിടുന്ന വെല്ലുവിളികൾ, അവരുടെ അവകാശങ്ങൾ എന്നിവ സംബന്ധിച്ച് ബോധവത്ക്കരണം നടത്തുന്നതിനും, ടി വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും ലക്ഷ്യം വച്ചാണ് ഇത്തരത്തിൽ ഒരു ഹ്രസ്വചിത്രമത്സരം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. കോളേജ് വിദ്യാർത്ഥികളുടെ വിഭാഗത്തിൽ കേരളത്തിലുള്ള അംഗീകൃത കോളേജുകൾക്കും, ട്രാൻസ്ജെൻഡർ വിഭാഗത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിഗതമായോ/ ഗ്രൂപ്പായോ ഷോർട്ട് ഫിലിം തയ്യാറാക്കി മത്സരത്തിന് അയക്കാവുന്നതാണ്. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന മികച്ച ഷോർട്ട് ഫിലിമുകൾക്ക് യഥാക്രമം 15000/-, 10000/-, 5000/- എന്നിങ്ങനെ ക്യാഷ് പ്രൈസ് ഉണ്ടായിരിക്കുന്നതാണ്. എൻട്രികൾ അയക്കേണ്ട അവസാന തീയതി 2024 ജനുവരി 20 വൈകിട്ട് 5 മണി വരെ. എൻട്രികൾ tgsjdshortfilm@gmail.com എന്ന ഇ-മെയിൽ ID യിൽ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത മത്സരവുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ, നിബന്ധനകൾ എന്നിവ അടങ്ങിയ വിശദ നോട്ടിഫിക്കേഷൻ സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റിൽ (www.sjd.kerala.gov.in) ലഭ്യമാണ്.

ASHARAF K T
സാമൂഹ്യ നീതി ഡയറക്ടർ

134721/2023

<u>സാമൂഹ്യനീതി വകുപ്പ്</u>

**ട്രാൻസ്ജെൻഡർ ബോധവത്ക്കരണം**

<u>ഹ്രസ്വചിത്രമത്സരം-2023 (Short Film Competition – 2023)</u>

ട്രാൻസ്ജെൻഡർ ബോധവത്ക്കരണത്തിൻറെ ഭാഗമായി കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നും, ട്രാൻസ്ജെൻഡർ വിഭാഗത്തിലുമായി ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ വിഭാഗത്തെ സംബന്ധിച്ച ബോധവത്ക്കരണം നൽകുന്നതിനും, സമൂഹത്തിൽ ഇവർ നേരിടുന്ന വെല്ലുവിളികളും അക്രമങ്ങളും തിരിച്ചറിയുന്നതിനും, ടി വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും ലക്ഷ്യം വച്ചാണ് ഇത്തരത്തിൽ ഒരു ഹ്രസ്വചിത്ര മത്സരം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ഷോർട്ട് ഫിലിം ഏതെങ്കിലും സാങ്കേതിക ഫോർമാറ്റിൽ തയ്യാറാക്കാം. മലയാളം ഭാഷയിൽ തയ്യാറാക്കി ഇംഗ്ലീഷിൽ സബ് ടൈറ്റിൽ വരുന്ന രീതിയിലായിരിക്കണം. ഒന്നും രണ്ടും മൂന്നും മികച്ച ചിത്രത്തിനുള്ള സമ്മാനത്തുക യഥാക്രമം 15,000 (പതിനയ്യായിരം), 10,000 (പതിനായിരം) 5,000 (അയ്യായിരം) എന്നിങ്ങനെ ആയിരിക്കും. ട്രാൻസ്ജെൻഡർ വ്യക്തികൾ, കോളേജ് വിദ്യാർത്ഥികൾ എന്നീ രണ്ടു വിഭാഗങ്ങളിലായി മത്സരങ്ങൾ സംഘടിപ്പിക്കുന്നതാണ്. ഓരോ വിഭാഗത്തിനും പ്രത്യേകം സമ്മാനങ്ങൾ നൽകുന്നതാണ്.

മത്സരത്തിന്റെ നിബന്ധനകൾ

1. **ആർക്കൊക്കെ മത്സരിക്കാം:** കോളേജ് വിദ്യാർത്ഥികൾക്കായുള്ള മത്സരത്തിൽ കേരളത്തിലുള്ള അംഗീകൃത കോളേജുകൾക്ക് എൻട്രികൾ അയയ്ക്കാം. ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയ്ക്കായുള്ള മത്സരത്തിൽ വ്യക്തികൾക്കോ/ ഗ്രൂപ്പിനോ ഷോർട്ട് ഫിലിം തയ്യാറാക്കി അയക്കാവുന്നതാണ്.
2. മത്സരത്തിനയക്കുന്ന ഷോർട്ട് ഫിലിമുകൾ നിർദിഷ്ട മെയിൽ ഐ ഡി യിൽ മാത്രമേ അയക്കാൻ പാടുള്ളൂ.. മത്സര ഫലം വരുന്നതുവരെ അയക്കുന്ന ഷോർട്ട് ഫിലിമുകൾ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിൽ പ്രസിദ്ധീകരിക്കരുത്.
3. **പ്രവേശന ഫീസ്:** മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് പ്രവേശന ഫീസ് ഇല്ല
4. **ഷോർട്ട് ഫിലിം പ്രമേയം :**

- **നമ്മളിൽ ഞങ്ങളുമുണ്ട്.**
- **നിറങ്ങൾ കൊണ്ട് വേർതിരിക്കേണ്ട, മഴവില്ലുപോലെ ചേർന്നിരിക്കാം**
- **എല്ലായിടങ്ങളും ഞങ്ങളുടേതുമാണ്**
- **വൈവിധ്യങ്ങളിൽ അഭിമാനിക്കുക, അംഗീകരിക്കുക**

5. **ദൈർഘ്യം** : ഷോർട്ട് ഫിലിമിന്റെ ദൈർഘ്യം 3 മിനിറ്റിൽ കുറയാത്തതും അഞ്ചു മിനിറ്റിൽ കൂടാത്തതുമായിരിക്കണം..

6. **ഫിലിം ഫോർമാറ്റ്:** ഷോർട്ട് ഫിലിമുകൾ ഏത് രൂപത്തിലും (ഫിക്ഷൻ, ഡോക്യുമെന്ററി, ആനിമേഷൻ മുതലായവ) ഏതെങ്കിലും ഉപകരണമോ ക്യാമറ സജ്ജീകരണമോ ഉപയോഗിച്ച് (MP4 ഫോർമാറ്റിൽ Full HD യിൽ) ചിത്രീകരിക്കാം.
7. **തലക്കെട്ടുകളും, മറ്റു വിവരങ്ങളും:** ഷോർട്ട് ഫിലിമിന്റെ നിർമ്മാതാവ്/ എഴുത്തുകാരൻ/ സംവിധായകൻ/ ഗ്രൂപ്പ് എന്നിവയുടെ പേരുകൾ ഷോർട്ട് ഫിലിമിന്റെ ആദ്യമോ അവസാനമോ മാത്രമായി ഉൾപ്പെടുത്തേണ്ടതാണ്.
8. **ഷോർട്ട് ഫിലിം സമർപ്പിക്കേണ്ട രീതി** : **tgsjdshortfilm@gmail.com** എന്ന ജി മെയിലിലേക്ക് "Short Film competition -2023, <name of applicant/ name of the college>" എന്നാ തലക്കെട്ടോടുകൂടി

മേൽ നിർദേശ ഫിലിം ഫോർമാറ്റ് രീതിയിൽ അയച്ച നൽകേണ്ടതാണ്. അപേക്ഷകന്റെ പൂർണ്ണമായ തപാൽ വിലാസം, ടെലിഫോൺ, മൊബൈൽ നമ്പർ, കോളേജ് വിലാസം, ഫോൺ നമ്പർ എന്നിവ ഇമെയിലിൽ രേഖപ്പെടുത്തണം. എൻട്രികൾ ഓൺലൈനായി മാത്രമേ അയക്കാവൂ.

9. **അവസാന തീയതി** : 2024 ജനുവരി 20 ന് വൈകുന്നേരം 05:00 മണിക്ക് ശേഷം ലഭിക്കുന്ന എൻട്രികൾ സ്വീകരിക്കുന്നതല്ല.

10. **സ്ക്രീനിംഗ് അവകാശങ്ങൾ**: ലഭിക്കുന്ന ഷോർട്ട് ഫിലിമുകൾ സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റിൽ/സോഷ്യൽ മീഡിയയിൽ അപ്‌ലോഡ് ചെയ്യുന്നതുൾപ്പെടെ ഉചിതമെന്ന് തോന്നുന്ന ഏത് ആവശ്യത്തിനും ഉപയോഗിക്കാനുള്ള അവകാശം ഉണ്ടായിരിക്കും. അപേക്ഷാ ഫോമിൽ നൽകിയിരിക്കുന്നതുപോലെ ഇതുമായി ബന്ധപ്പെട്ട ഒരു അണ്ടർടേക്കിംഗ് കൃത്യമായി ഒപ്പിടുകയും സ്കാൻ ചെയ്ത പകർപ്പ് ഇ-മെയിൽ വഴി ഹ്രസ്വചിത്രത്തിനോടൊപ്പം അയക്കുകയും വേണം. എന്നിരുന്നാലും, പങ്കെടുക്കുന്നവർക്ക് അവരുടെ സൃഷ്ടികളിൽ അവകാശങ്ങൾ ഉള്ളതും, കൂടാതെ മറ്റേതെങ്കിലും മത്സരങ്ങളിൽ പങ്കെടുക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതുമാണ്.

11. **അസാധുവായ എൻട്രികൾ**: അപൂർണ്ണമായ എൻട്രികൾ, മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും പാലിക്കാത്തവ മത്സരത്തിന് പരിഗണിക്കുന്നതല്ല.

12. **മത്സരഫലങ്ങൾ** : സാമൂഹ്യനീതി വകുപ്പിന്റെ IEC ടെക്നിക്കൽ കമ്മിറ്റി, ലഭ്യമായ എൻട്രികൾ പരിശോധിച്ച് വിജയികളെ നിശ്ചയിക്കുന്നതും, മത്സര ഫലങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ വെബ് സൈറ്റിൽ (www.sjd.kerala.gov.in) അപ്ലോഡ് ചെയ്യുന്നതുമാണ്. വേണ്ടത്ര ഗുണനിലവാരമില്ലാത്ത ചിത്രമാണ് മത്സരത്തിനെത്തുന്നതെങ്കിൽ ടെക്നിക്കൽ കമ്മറ്റിക്ക് ക്യാഷ് അവാർഡിന് ചിത്രങ്ങൾ തിരഞ്ഞെടുക്കാതിരിക്കുന്നതിനും അധികാരമുണ്ടായിരിക്കും. ടെക്നിക്കൽ കമറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

13. **ഹ്രസ്വചിത്രത്തിൻറെ പോസ്റ്ററുകൾ**: അവാർഡിനായി അപേക്ഷിക്കുന്ന എൻട്രിയിൽ അപേക്ഷകൻ ചിത്രത്തിന്റെ ശീർഷകം (മലയാളം /ഇംഗ്ലീഷ്), തീം, പ്രധാന സംഘത്തിന്റെ പേരുകൾ എന്നിവ ഉള്ളടക്കംചെയ്യുന്ന കളർപോസ്റ്റർ (A-3 വലുപ്പം) കൂടി അയയ്ക്കേണ്ടതാണ്. (സോഫ്റ്റ് കോപ്പി).

14. **അവാർഡ് വിതരണം**: കോളേജ് വിദ്യാർത്ഥികൾക്കുള്ള മത്സരത്തിൽ എൻട്രി അയയ്ക്കുന്നതിനുള്ള ഏക അംഗീകൃത പ്രതിനിധി കോളേജ് മാത്രമായിരിക്കും. കൂടാതെ, അവാർഡ് തുക സ്കൂൾ/കോളേജിന്റെ പേരിൽ അപേക്ഷകന് ക്യാഷ് അവാർഡ് മുഖേന നൽകും. അവാർഡ് തുക, മൊമന്റോ, സർട്ടിഫിക്കറ്റ് എന്നിവ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

15. സാമൂഹ്യനീതി വകുപ്പ് അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മറ്റി എൻട്രികൾ പരിശോധിച്ച് അവാർഡിന് അർഹമായ എൻട്രികൾ തിരഞ്ഞെടുക്കുന്നതാണ്. ടെക്നിക്കൽ കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും

Application Form for Transgender Sensitization Program

Short Film Competition– 2023

| | | |
|---|---|---|
| | അപേക്ഷകന്റെ പേര് (കോളേജ്/ TG കമ്മ്യൂണിറ്റി)<br>ടെലിഫോൺ നമ്പർ /മേൽവിലാസം/ ഇമെയിൽ | |

134721/2023

| | | |
|---|---|---|
| 1 | ഐ.ഡി | |
| 2 | പങ്കെടുക്കുന്ന വിദ്യാർഥികളുടെ / TG കമ്മ്യൂണിറ്റി അംഗങ്ങളുടെ പേര് വിവരങ്ങൾ | |
| 3 | ഷോർട്ട് ഫിലിമിന് തിരഞ്ഞെടുത്ത വിഷയം | |

## Undertaking by the Applicant

.....................................................പേരുള്ള ഞാൻ/ഞങ്ങൾ .......................................... ജില്ലയിലെ .................................... സ്കൂൾ/കോളേജ് വിദ്യാർത്ഥികളും സാമൂഹ്യനീതിവകുപ്പ് ട്രാൻസ്ജെൻഡർ ബോധവത്ക്കരണത്തിൻറെ ഭാഗമായി സംഘടിപ്പിക്കുന്ന ഷോർട്ട് ഫിലിം മത്സരത്തിൽ മത്സരിക്കുന്നതിനായി, മുകളിൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ പ്രകാരം, 'അപേക്ഷകൻ/ അപേക്ഷകർ എന്ന നിലയിൽ, ഷോർട്ട് ഫിലിം അയയ്ക്കാൻ എനിക്ക് അവകാശമുണ്ടെന്ന് ഇതിനാൽ അറിയിക്കുന്നു . മത്സരത്തിന്റെ എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഞാൻ വായിക്കുകയും അവയോട് യോജിക്കുകയും സാമൂഹിക നീതി വകുപ്പിന് അതിന്റെ വെബ്സൈറ്റിൽ/സോഷ്യൽ മീഡിയയിൽ അപ്‌ലോഡ് ചെയ്യുന്നത് ഉൾപ്പെടെ ഉചിതമെന്ന് തോന്നുന്ന ഏത് ആവശ്യത്തിനും ഷോർട്ട് ഫിലിം ഉപയോഗിക്കാനുള്ള അവകാശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതുമായി ഏതെങ്കിലും രീതിയിൽ തർക്കം ഉണ്ടായാൽ പ്രശ്നം കൈകാര്യം ചെയ്യേണ്ട ബാധ്യത എന്റെ മാത്രം ഉത്തരവാദിത്തമാണ്. പ്രസ്തുത കലാസൃഷ്ടി മറ്റേതെങ്കിലും അവാർഡ് ലഭിച്ചിട്ടുള്ളതോ, സോഷ്യൽ മീഡിയയിൽ പങ്കുവയ്ക്കപ്പെട്ടതോ അല്ല എന്ന് സാക്ഷ്യപ്പെടുത്തുന്നു.

Signature of the applicant

Name of the applicant